മെഡിക്കൽ യൂണിവേഴ്സിറ്റി

78 (861)ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻവേണ്ടി മെഡിക്കൽ കോളേജുകളെ എല്ലാം ഒരു മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം തീരുമാനിക്കാനും മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)സംസ്ഥാനത്ത് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ മേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

79 (862)ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മാർച്ച് 31 വരെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക എത്ര ആയിരുന്നു;

(ബി) 1999 മാർച്ച് 31 വരെ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്ര;

(സി) പ്രസ്തുത കുടിശ്ശിക സംഖ്യ എന്നേക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 മാർച്ച് 31 വരെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 64.40 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 112.67 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിൽ 71.45 ലക്ഷം രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 2545.96 ലക്ഷം രൂപയും കരാറുകാർക്ക് കുടിശ്ശികയായി കൊടുക്കുവാനുണ്ടായിരുന്നു.

(ബി) 1999 മാർച്ച് 31 വരെ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 297.94 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിൽ 538.30 ലക്ഷം രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 5850 ലക്ഷം രൂപയും ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 163 ലക്ഷം രൂപയും കുടിശ്ശിക ഉണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly